(എഫ്) പഞ്ചായത്ത് വകുപ്പിലെ ജീവനക്കാർക്ക് മറ്റ് വകുപ്പിലെ ജീവനക്കാർക്ക് ബാധകമായ പൊതു സർവ്വീസ് ചട്ടങ്ങളോടൊപ്പം 1994-ലെ കേരള പഞ്ചായത്ത് സർവ്വീസ് ചട്ടങ്ങളും ബാധകമാണ്. ചട്ടം ഏകീകരിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

മാലിന്യ നിർമ്മാർജ്ജന പദ്ധതികൾക്കുള്ള ഫണ്ട്

287 (1665) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകൾക്ക് മാലിന്യനിർമ്മാർജ്ജന പദ്ധതികൾക്ക് പ്രത്യേകം ഫണ്ട് നൽകിയിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ അഞ്ചു വർഷം നൽകിയ ഫണ്ടിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് പരിശോധനയോ അവലോകനമോ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) എങ്കിൽ അവലോകനത്തിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ആയതിന്റെ വിനിയോഗം സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഗ്രാമപഞ്ചായത്തുകൾക്ക് മാലിന്യ നിർമ്മാർജ്ജന പദ്ധതികൾക്ക് പ്രത്യേകം ഫണ്ട് നൽകിയിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷം 35 ഗ്രാമപഞ്ചായത്തുകൾക്ക് സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്നും 216.92 ലക്ഷം രൂപയും 2012-13 സാമ്പത്തിക വർഷത്തിൽ 255 ഗ്രാമപഞ്ചായത്തുകൾക്കായി സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്നും 1650 ലക്ഷം രൂപയും കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഫണ്ടിൽ നിന്നും 692.25 ലക്ഷം രൂപയും 2013-14 സാമ്പത്തിക വർഷത്തിൽ 96 ഗ്രാമപഞ്ചായത്തുകൾക്കായി സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്നും 323.40 ലക്ഷം രൂപയും, കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഫണ്ടിൽ നിന്നും 666.70 ലക്ഷം രൂപയും 2014-15 സാമ്പത്തിക വർഷത്തിൽ 75 ഗ്രാമപഞ്ചായത്തുകൾക്കായി സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്നും 250.71 ലക്ഷം രൂപയും, കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഫണ്ടിൽ നിന്നും 75.31 ലക്ഷം രൂപയും 2015-16 സാമ്പത്തിക വർഷത്തിൽ 66 ഗ്രാമപഞ്ചായത്തുകൾക്കായി സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്നും 294.23 ലക്ഷം രൂപയും കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഫണ്ടിൽ നിന്നും 212.96 ലക്ഷം രൂപയും മാലിന്യ നിർമ്മാർജ്ജന പദ്ധതി നടപ്പിലാക്കുന്ന തിലേയ്ക്കായി ശുചിത്വ മിഷൻ മുഖേന അനുവദിച്ച് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാന-ജില്ലാതല അവലോകനങ്ങൾ നടത്തിവരുന്നുണ്ട്. കൂടാതെ പ്രസ്തുത ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് ഗ്രാമപഞ്ചായത്തുകളിൽ നിന്നും ഭൗതിക-സാമ്പത്തിക പുരോഗതി റിപ്പോർട്ടും ധനവിനിയോഗ സർട്ടിഫിക്കറ്റും ശുചിത്വ മിഷനിൽ സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും അറിയിപ്പ് നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് പദ്ധതി നിർവ്വഹണ പുരോഗതി റിപ്പോർട്ടും ധനവിനിയോഗ സർട്ടിഫിക്കറ്റും ലഭ്യമായി വരുന്നു.

(സി) സമയബന്ധിതമായി പ്രോജക്ട് നിർവ്വഹണം പൂർത്തീകരിക്കുന്നതിന് ധനവിനിയോഗം ഉറപ്പാക്കണമെന്ന് കാണിച്ച് നിർദ്ദേശങ്ങൾ നൽകിവരുന്നു. ലഭ്യമായ പുരോഗതി റിപ്പോർട്ടും ധനവിനിയോഗ സർട്ടിഫിക്കറ്റും പരിശോധിച്ച് ചെലവഴിക്കാത്ത തുക തിരിച്ചടയ്ക്കുന്നതിന് നിർദ്ദേശം നൽകിവരുന്നുണ്ട്.

ക്ഷേമ പെൻഷനുകൾ

288 (1666) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പ് വഴി വിതരണം ചെയ്യുന്ന വിവിധ ക്ഷേമ പെൻഷനുകളുടെ വിതരണത്തിൽ കുടിശ്ശിക നിലനിൽക്കുന്നുണ്ടോ; കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(ബി) കുടിശ്ശിക എന്നത്തേക്ക് പൂർണ്ണമായും വിതരണം ചെയ്യാൻ കഴിയുമെന്നറിയിക്കാമോ?

ഉത്തരം

(എ) തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന വിതരണം ചെയ്യുന്ന ക്ഷേമ പെൻഷനുകളുടെ വിതരണത്തിൽ 1397.70 കോടി രൂപ കുടിശ്ശിക നൽകാനുണ്ട്.

(ബി) കാലതാമസം കൂടാതെ കുടിശ്ശിക വിതരണം പൂർത്തിയാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരികയാണ്.

ഓർഫനേജ് കൺട്രോൾ ബോർഡിന്റെ പ്രവർത്തനം

289 (1667) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓർഫനേജ് കൺട്രോൾ ബോർഡിന്റെ പ്രവർത്തനം നിലച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly